## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാചോദ്യം നം: 140

05.12.2014 ലെ
മറുപടിയ്ക്ക്

### ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപവൽക്കരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. എം.എ.വാഹീദ്<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. എ.റ്റി. ജോർജ് | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപവൽക്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) പ്രസ്തുത വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;<br><br>(സി) ന്യൂനപക്ഷക്ഷേമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിന് പ്രസ്തുത വകുപ്പിന്റെ പ്രവർത്തനം എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ; | (ബി) യും (സി) യും | ന്യൂനപക്ഷ മതവിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായുള്ള വിവിധ വികസന/ ക്ഷേമ പദ്ധതികളുടെ രൂപീകരണവും നിർവ്വഹണവുമാണ് വകുപ്പിന്റെ പ്രധാന ലക്ഷ്യം. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ, കേന്ദ്ര- സംസ്ഥാന സർക്കാർ, പൊതുമേഖലാ സർവ്വീസുകളിൽ ന്യൂനപക്ഷ തൊഴിൽ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് സഹായകമായ പദ്ധതികൾ എന്നിവ നടപ്പാക്കലും വകുപ്പ് ലക്ഷ്യമിടുന്നു.<br>ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ സംസ്ഥാനതലത്തിലുള്ള ഏകോപനവും നിയന്ത്രണവും മേൽനോട്ടവും പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പിന് കീഴിൽ ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് നിർവ്വഹിക്കുന്നു. ജില്ലാതലത്തിൽ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് ഡെപ്യൂട്ടി കളക്ടർ (ജനറൽ)- ന് കീഴിൽ ഒരു ന്യൂനപക്ഷ സെൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജില്ലകളിലെ മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലനകേന്ദ്രം ജീവനക്കാരെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സഹകരിപ്പിച്ചു വരുന്നു. ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട, മറ്റു വകുപ്പുകൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾ വകുപ്പ് നേരിട്ട് ഏറ്റെടുത്ത് നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) പ്രസ്തുത വകുപ്പിന്റെ കീഴിൽ സംസ്ഥാന ജില്ലാതല ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഉണ്ട്. പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ